


SKY IS THE LIMIT
DIGITAL MAGAZINE
G.H.S.S KALLACHI

# LITTLEKITE'S

# DIGITAL

# MAGAZINE

# 2019-20

SKY IS THE LIMIT
DIGITAL MAGAZINE
G.H.S.S KALLACHI

# SKY IS THE

# LIMIT

SKY IS THE LIMIT
DIGITAL MAGAZINE
G.H.S.S KALLACHI

# ആമുഖം

പ്രിയരെ,

ലോകം വിവര സാങ്കേതികവിദ്യയുടെ അൽഭുത ലോകത്തിൽ അശ്വമേഥം നടത്തിക്കൊണ്ടിരിക്കുന്നു.വാക്കുകളുംആശയങ്ങളും വികാരങ്ങളും പോലും അതിവേഗം ബഹുദൂരം ഡിജിറ്റലാകുന്ന പുതിയ കാലത്ത് ആർക്കും ഒരു പിൻ നടത്തം സാധ്യമല്ലെന്ന് കല്ലാച്ചി HS ലെ ലിറ്റിൽ കൈറ്റ്സും മനസ്സിലാക്കുന്നു.ഇതാ ലോകമൊരു കൈക്കുമ്പിളിലാകുന്ന 2020 ൽ വിവരസാങ്കേതിക വിദ്യയുടെ അപാരമായ കടൽത്തീരത്തിരുന്ന് അതിന്റെ അൽഭുതങ്ങളിലേക്ക് കണ്ണും നട്ട് കക്ക വാരിക്കളിക്കുന്ന കൊച്ചുകുട്ടുകാരുടെ ചില സർഗ്ഗ സൃഷ്ടികൾ " ലിറ്റിൽ കൈറ്റ്സ്"GHSS കല്ലാച്ചി അഭിമാനപൂർവ്വംനിങ്ങൾക്ക് മുന്നിൽ ഒരു പൂത്താലമായി സമർപ്പിക്കുന്നു.”sky is the limit”.......അനുഗ്രഹിച്ചാലും.

# G H S S KALLACHI



SKY IS THE LIMIT
DIGITAL MAGAZINE
G.H.S.S KALLACHI

*HEAD MISTRESS   PADMINI NP*




## ആശംസ -ഹെഡ്മിസ്ട്രസ്

വിദ്യാർത്ഥി കേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിനെ നല്ലൊരു ഭാരതത്തെയുംസൃഷ്ടിക്കാനാവു.ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ നവം നവങ്ങളായ പുത്തനറിവുകൾ പഠിച്ചും പ്രയോഗിച്ചുമാണ് പുതിയ തലമുറ  പുതിയ ലോകത്തിന്റെ ശില്പികളായി മാറേണ്ടത്.അതു കൊണ്ടു തന്നെ  പുതിയ ഡിജിറ്റൽ ലോകത്ത് അവരെ സ്വയം പര്യാപ്തമാക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് വഹിക്കുന്ന പങ്ക് ഏറെ പ്രശംസാർ ഹമാണ്.ഹൈടെക് ക്ലാസ്സ് മുറികളും പാഠ്യപദ്ധതിയും സാർവ്വത്രികമായി കഴിഞ്ഞ പുതിയ പാഠ്യക്രമത്തിൽ കുട്ടികൾ ഇനിയും ഏറെ മുന്നേറാനുണ്ട്.....”sky is the limit” ഈ രംഗത്തേക്കുള്ള ഒരു ചെറിയ കാൽവെപ്പാണെന്ന് ഞാൻ കരുതുന്നു.ഏതാ വലിയ യാത്രകളും തുടങ്ങുന്നത് ചെറിയ കാൽവെപ്പോടെയാണെന്ന് ചരിത്രം പഠിപ്പിക്കുന്നു.കല്ലാച്ചി HS ലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന"SKY IS THE LIMIT” എന്ന ഡിജിറ്റൽ മാസികക്ക് എല്ലാ അഭിനന്ദനങ്ങളും ആശംസകളും..

# LITTLE KITE'S
# DIGITAL MAGAZINE TEAM
## *2019-2020*



SKY IS THE LIMIT
DIGITAL MAGAZINE
G.H.S.S KALLACHI

| NAME OF CONTENT | AUTHER |
| --- | --- |
| 1.IMPORTANCE OF EDUCATION FOR THE FUTURE | MUHAMMED NAVAL |
| 2.ARMY DAY IN INDIA | MUHAMMED NASIK |
| 3.യാത്രാവിവരണം | ALEENA ALI |
| 4.കേരളം | MUHAMMED SINAN |
| 5.എന്റെ നെഞ്ചിന്റെയുള്ളിൽ | AHANA CK |
| 6.തിരിച്ചറിവ് | JASEER |
| 7.കാർമുകിൽ | MEGHA NAYANA |
| 8.ഒറ്റപ്പെടുന്നവർ | DEEPA VV |
| 9.മഴയോർമ്മ | DEVANJANA |
| 10.നിലനിൽപ് | VISHWANADAN V |
| 11.ഒറ്റപ്പൂവ് | VEEDHASMRTHI |

# IMPORTANCE OF EDUCATION FOR THE FUTURE



Muhammad Naval VM

Hello Friends

Today i am going to talk about the relation between education and future. The famous Africa-America civil right activist Rosa Parks said that there is no future without education. And it  is now proved that she was right because now a days a person without education cant live in this world. The quality of education is certainly very important for the younger generation. Our generation of youth are going to be the ones who lead the country forward when young do not get adequate high quality education,then we will be left behind other nations. The benefits of education is to improve the mind and achievements of the younger generation,so that they will be able to compete the cut-throat global market

The function of education is certainly very clear. By improving education we will be able to strengthen our nations future. Getting hired for a job is very difficult. If you don’t have a strong educational background, you wont be able to compete with other job seekers. The better your education the better salary you receive. So the key to the future is to extend education. Education not only serve to prepare graduates for a job. Education trains our ability and skills in dealing with problems and helps people solve them in a way that is fast and precious


# Army Day in India

Muhammed Nasik



Army day is celebrated on 15 January every year in India. The day is celebrated in the form of parades and other military shows in the national capital New Delhi as well as in all head quarters .On 15 January 2020 India celebrated 72nd Indian Army Day in New Delhi. Army Day marks a day to salute the valiant soldiers who sacrificed their lives to protect the country and its citizens.gallantry awards and sena medals are also awarded on this day. In 2020, 15 soldiers were presented with bravery awards.





## യാത്രാവിവരണം

**ALEENA ALI**

യാത്ര എന്നും ആർക്കും ഒരു ആവേശമാണ്.10 ആം ക്ലാസിലെ എന്റെ ആദ്യത്തെയാത്രയായിരുന്നു ഇത്.കല്ലാച്ചി ഗവ:യുപി സ്കൂളിൽ നിന്നും രാത്രി 7 മണിക്ക്  യാത്ര പുറപ്പെടുമ്പോൾ കാണാനിരിക്കുന്ന കാഴ്ചകളെ കുറിച്ചുള്ള ജിജ്ഞാസയായിരുന്നു.യാത്ര പുറപ്പെടുമ്പോൾ അച്ഛൻ മറ്റൊരു ബസ്സിലായിരുന്നു എന്നത് എന്നിൽ ചെറിയ ഒരു നൊമ്പരം ഉണർത്തിയെങ്കിലും ഹെഡ്മിസ്ട്രസ് ഞങ്ങളുടെ ബസിലാണെന്നത് എന്നിൽ വലിയ ഒരു ധൈര്യവും സന്തോഷവും ഉണ്ടാക്കി. സത്യത്തിൽ ഈ കണ്ടദേശങ്ങളൊക്കെയും ജീവിതത്തിൽ നേരിൽ കാണുമെന്ന് വിചാരിച്ചതല്ല.14/11/19 ന 5 മണിക്ക് മുരുടേശ്വരത്തെത്തി.രാത്രി യാത്രയിൽ ഉറക്കം നഷ്ടപ്പെട്ടതിനെ കുറിചു ഓർത്തു ചെറിയ ഒരു ദുഖമുണ്ടായെങ്കിലും ബസ്സിലെ ആഘോഷങ്ങൾ ആ ദുഃഖത്തെ സന്തോഷത്തിന്റെ കടലാക്കി തീർത്തു.സംഹാരരുദ്രനായ ശിവന്റെ കൂറ്റൻ പ്രതിമ കണ്ടപ്പോൾ തന്നെ എന്റെ എല്ലാ ദുഖങ്ങളും അലിഞ്ഞുപോയി.രാവിലെ ചായ പോലും കുടിക്കാതെ ഞങ്ങൾ ഹെഡ്മിസ്ട്രസിനൊപ്പം   മുരുടേശ്വരം ക്ഷേത്രത്തിലെ ശിവന്റെ സാന്നിധാനത്തിലേക്ക് നീങ്ങുമ്പോൾ മനസ്സിൽ ഒറ്റ ലക്ഷ്യമേയുള്ളൂ.പരമേശ്വരന്റെ ഇത്രയും വലിയ ഒരു വിഗ്രഹം കാണാൻ കഴിഞ്ഞതിലുള്ള സംതൃപ്തി പറഞ്ഞറിയിക്കാൻ കഴിയില്ല.ഇതിന്റെ ചരിത്രപശ്ചാത്തലങ്ങളിലേക്ക് HM ഞങ്ങളെ കൂട്ടി കൊണ്ടുപോയി എന്നു പറയാം.തിരമാലകൾ ചെറുതായി അലയടിക്കുന്ന ആ സമുദ്രതീരം എന്നും എന്റെ ഓർമ്മയിലുണ്ടാകും. തിരിച്ചുവരുമ്പോൾ കടൽ തീരത്തിലെ ടെമ്പിളുകളിൽ വലിയ മത്സ്യങ്ങൾ വെട്ടിമുറിക്കുന്നത് കണ്ടപ്പോൾ മനസ്സിൽ അത് പാകംചെയത് കഴിക്കുന്നതിന്റെ രുചിനാവിൽ തുമ്പത്തെത്തി.പൂരിയും വെള്ളാപ്പവും,ബാജിക്കറിയും തിരിച്ചെത്തിയ ഞങ്ങളെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു

ആശിക്കയുടെ കൈപുണ്യം അന്ന് ആദ്യമായി ഞാൻ അറിഞ്ഞു.വരാനിരിക്കുന്ന ദിവസങ്ങളിൽ എത്ര രുചികരമായ ഭക്ഷണങ്ങളാണ് ലഭിക്കുക എന്ന് ഞാനാലോചിച്ചു.പിന്നീട് 100 കിലോമീറ്റർ അപ്പുറമുള്ള ജോഗ് ഫാൾസ് ലക്ഷ്യമാക്കി യാത്രതിരിച്ചു. ഹിസ്റ്ററി ക്ലാസ്സിൽ jog falls നെ കുറിച്ച് അശോകൻ മാസ്റ്റർ പറഞ്ഞ കാര്യങ്ങൾ എൻറെ ഓർമ്മയിലെത്തി അശോകൻ മാസ്റ്റർ ഞങ്ങളുടെ ഒപ്പം ആ കാഴ്ച കാണാൻ ഉണ്ടായിരുന്നു കൃത്യം ഒരു മണിക്ക് ഞങ്ങൾ അവിടെ എത്തി.ആൾക്കൂട്ടത്തിൽ നിന്ന് പാൽ താഴേക്ക് വീഴുന്നത് പോലെ ആയിരുന്നു വെള്ളച്ചാട്ടം മുകളിൽ നിന്നും താഴേക്ക് വീഴുന്നത് ഉച്ച സൂര്യന്റെ രശ്മികൾപതിഞ്ഞ ആ വെള്ളച്ചാട്ടത്തിലെ മഴവില്ലുകൾ വിരിഞ്ഞു നിന്നത് മനസിനെ കുളിരണിയിച്ചു .വളരെ അടുത്തു നിന്നും ഈ ദൃശ്യങ്ങൾ ഞങ്ങൾ കാണാനുള്ള ഉള്ള അവസരം ഉണ്ടായിട്ടും ഞങ്ങളെ അതിൻറെ അടുത്തേക്കു കൊണ്ടുപോകാതെ ആൻറണി സാറും അശോകൻ സാറും ഹാരിസ് സാറും അഞ്ഞൂറിലധികം സ്റ്റെപ്പുകൾ ഇറങ്ങി മനോഹാരിത ആസ്വദിക്കാൻ പോയി .ഇത് ഞങ്ങളുടെ കുറച്ചുസമയം നഷ്ടപ്പെടുത്തി റൈസും മത്സ്യ കറിയും മാങ്ങ അച്ചാറും ആയിരുന്നു ഭക്ഷണത്തിന് 45 മിനിറ്റ് ഈ ഭക്ഷണം .ആൻറണി അശോകൻ ഹാരിസ് മാഷ്മാർ വരാൻ കാത്തിരുന്നു കടൽപ്പുറത്ത് കൂറ്റൻ കല്ലുകൾ ഇറക്കിയ പോലെയായിരുന്നു ഓരോരുത്തരുടെയുംപ്ലേറ്റിൽ മത്സ്യ കഷണങ്ങൾ.മൂന്ന് മണിക്ക് joy falls നോട് വിടപറഞ്ഞു. യാത്രയിൽ ചില മാറ്റങ്ങൾ HM കൊണ്ടുവന്നു. ഇത് അച്ചടക്കത്തിന്റെ ഭാഗമായിരുന്നു. അടുത്ത

ലക്ഷ്യ കേന്ദ്രം ഹംബി ആയിരുന്നു. ഹംപിയിൽ നിന്നും കുറച്ച് ദൂരെയുള്ള HOSAPETE



ലക്ഷ്യമാക്കി ഞങ്ങളുടെ വാഹനം നീങ്ങി. പുലർച്ചെ 2 45 ഞങ്ങൾ അവിടെ എത്തി. എല്ലാ സൗകര്യങ്ങളുമുള്ള ഉള്ള ഹോട്ടൽ മുറിയായിരുന്നു വെങ്കിലും യാത്രാക്ഷീണത്തിലും ഞങ്ങൾ ഞങ്ങൾ ആരും പെട്ടെന്ന് ഉറങ്ങിയില്ല. ടിവി കണ്ടു കുറച്ചുസമയം മനസ്സിന് ഉന്മേഷം നൽകി. പിന്നീട് കുറച്ചുസമയം കിടന്നുറങ്ങി.എങ്കിലും ചരിത്രം കിളച്ചു മറിച്ച ഹംബി ആയിരുന്നു മനസ്സ് നിറയെ ഒപ്പം രാവിലത്തെ പലഹാരത്തിനെ കുറിച്ചും ചിന്തിച്ചു. കൃത്യമായി ഉറങ്ങാൻ കഴിഞ്ഞില്ലെങ്കിലും എങ്കിലും അന്നത്തെ യാത്രയെ അന്ന് തെല്ലും ബാധിച്ചില്ല. ആഷിക് യുടെ പുട്ടും ചൂടുള്ള കടലക്കറിയും തന്ന ഊർജ്ജം ഹംപിയുടെ വിരിമാറിലൂടെ യാത്രചെയ്യാൻ ഞങ്ങളെ പ്രേരിപ്പിച്ചു. ഹോസ് പേട്ടയിൽ നിന്ന് യാത്ര തിരിച്ചപ്പോൾ തന്നെ ഹംപിയുടെ അടയാളങ്ങൾ ബസ്സിലിരുന്ന് കാണാൻ കഴിഞ്ഞു. കർണാടകയിലെ ഇതിലെ കാർഷിക സംസ്കൃതിയുടെ ചിത്രമാക്കി കാളവണ്ടിയിൽ യാത്രചെയ്യുന്ന കർഷകർ എൻറെ മനസ്സിനെ ആകർഷിച്ചു. റോഡുകളിൽ ചോളം ഉണക്കാനിട്ട ദൃശ്യങ്ങൾ ഒരിക്കലും മായില്ല. വിളഞ്ഞുനിൽക്കുന്ന നെല്ല് പാടങ്ങളും അവളും ചോള വയലുകളും ഇനി എപ്പോഴെങ്കിലും കാണാൻ കഴിയുമോ എന്ന ചിന്ത എന്നെ അസ്വസ്ഥമാക്കി.എങ്കിലും നമ്മുടെ സംസ്ഥാനത്തിൻറെ ഭക്ഷ്യധാന്യങ്ങൾ ഭൂരിഭാഗവും നിർമ്മിക്കുന്നത് ഇവിടെയുള്ള കർഷകരാണെന്ന് എന്ന ചിന്ത അവരോടുള്ള ബഹുമാനം വർധിപ്പിച്ചു. ഞങ്ങളുടെ ഗൈഡ് മോനിഷ് ഹംപി യെ കുറിച്ച് ഇംഗ്ലീഷിൽ അതിവേഗം വിവരിച്ച അതിനാൽ പലതും എനിക്ക് മനസ്സിലായില്ല.ഞങ്ങൾ അദ്ദേഹം പറയുന്നത് വേണ്ടത്ര ശ്രദ്ധിച്ചില്ല ഇല്ല എന്നത് വലിയ പോരായ്മ ആയിരുന്നു. ചിറ്റല ക്ഷേത്രം ദർശിച്ചത് വലിയൊരു അനുഭവമായിരുന്നു. ഞാൻ അവിടെ അവിടെ എത്തുമ്പോഴേക്കും ലോകത്തിൻറെ നാനാഭാഗത്തുനിന്നും വിദേശികൾ അവിടെ എത്തിയിരുന്നു. യൂറ നസ്കോ പൈതൃക സ്വത്തായി പ്രഖ്യാപിച്ച ഈ ചരിത്രമുറങ്ങുന്ന മണ്ണിലൂടെ ഞങ്ങൾ അവർക്കൊപ്പം നടന്നു.അവിടെ നിരവധി മതി ശിലകൾ ഉണ്ടെങ്കിലും അതിലെ നിഗൂഢതകൾ മനസ്സിലാക്കാൻ ശ്രമിച്ചില്ല എന്നത് വലിയൊരു പോരായ്മയാണ്. വിജയനഗര സാമ്രാജ്യത്തിന്റെ ആസ്ഥാനമായ ഹംബി കാണാൻ അവസരം ലഭിച്ചത് അത് ജീവിതത്തിലെ വലിയൊരു ഭാഗ്യം ആണെന്ന് ഞാൻ കരുതിയിരുന്നു. ഇനിയൊരു അവസരം ലഭിക്കുകയാണെങ്കിൽ തീർച്ചയായും ഹംപിയുടെ വിരിമാറിലൂടെ അതിനെ അറിഞ്ഞ് സഞ്ചരിക്കും എന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.ദക്ഷിണ കർണാടകയിലെ ലെ വും പഴക്കമേറിയ ഗ്രാമമാണ് ഹംപി. വിജയ നഗര

സാമ്രാജ്യത്തിലെ എണ്ണം അറ്റ ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ അവിടെയുണ്ട്. തുങ്ക ഭദ്ര നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഇന്ന് ഇവിടെ ഏഴാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച ക്ഷേത്രത്തിൻറെ അവശിഷ്ടങ്ങൾ ഇവിടെ കാണാൻ കഴിഞ്ഞു. ഇത് ഹംപി അവശിഷ്ടങ്ങളും കാണാൻ കഴിഞ്ഞു. കൊത്തുപണി

കളാൽ അലംകൃതമായ തേര് അവിടുത്തെ ആകർഷണ കേന്ദ്രമാണ്. പുതിയ 50 രൂപ നോട്ടിൽ ഇതിൻറെ എൻറെ ചിത്രം ഉണ്ടെന്ന് ഗൈഡ് പറഞ്ഞപ്പോഴാണ് ആണ് ഞങ്ങൾ അത്


ശ്രദ്ധിച്ചത്. മണിക്കൂറോളം അവിടെ ചെലവഴിച്ച ശേഷം ഞങ്ങൾ പോയത് അത് ആ കാലത്തെ നവരാത്രി മണ്ഡപം ക്യൂൻ ബാത്ത്, ആനപ്പന്തി, ലോട്ടസ് മഹൽ എന്നിവ സന്ദർശിച്ചു. ഉച്ചഭക്ഷണത്തിനുശേഷം വിരൂപാക്ഷ ക്ഷേത്രത്തെ ലക്ഷ്യമാക്കി നീങ്ങി. അതിനുമുമ്പേ തൊട്ടടുത്തു സ്ഥിതിചെയ്യുന്ന കൂറ്റൻ ശിവലിംഗവും, വിഷ്ണുവിൻറെ നാലാമത്തെ അവതാരമായ നരസിംഹമൂർത്തിയുടെ കരിങ്കല്ലിൽ തീർത്ത പ്രതിമയും  2 ഗണപതി വിഗ്രഹങ്ങളും കണ്ടു. ഇതിൽ ഒന്ന് പാർവതിയുടെ മടിയിൽ ഇരിക്കുന്ന ഗണപതി യുടെതാണ്. ഇതൊരു അപൂർവ കാഴ്ചയായിരുന്നു പ്രതിഷ്ഠകളിൽ പലതിനുംഅംഗഭംഗം സംഭവിച്ചിരുന്നു. അതിൻറെ ചരിത്രപശ്ചാത്തലം ഗൈഡ് വിവരിച്ചുതന്നു. വിരൂപാക്ഷ ക്ഷേത്രത്തിൽ പ്രവേശിക്കുക എന്നതായിരുന്നു അടുത്ത ലക്ഷ്യം.അവിടെ അപകടകാരികളായ കുരങ്ങുകൾ ഉണ്ടെന്നും മൊബൈൽഫോൺ സൂക്ഷിക്കണമെന്നും തട്ടിയെടുക്കാൻ സാധ്യതയുണ്ടെന്നും ഗൈഡ് പറഞ്ഞപ്പോൾ അപ്പോൾ "അത് വിറ്റ് കുരങ്ങൻമാർ കടല വാങ്ങുമെന്ന"അശോകൻ മാസ്റ്ററുടെ തമാശ ഞങ്ങളിൽ ചിരിപടർത്തി. ശിവന്റെ അപൂർവ്വമായ  ക്ഷേത്രമാണ് വിരൂപാക്ഷ. ചരിത്രമുറങ്ങുന്ന മണ്ണിൽ നിന്നും തിരിച്ചു പോരാൻ എനിക്ക് മടിയായിരുന്നു.അന്ന് വെള്ളിയാഴ്ച ആയതു കൊണ്ട് അവിടുത്തെ ചരിത്ര മ്യൂസിയം സന്ദർശിക്കാൻ കഴിഞ്ഞില്ല എന്നത് ഒരു വലിയ ദുഃഖം ആയി മനസ്സിൽ അവശേഷിക്കുന്നു.വിജയനഗര സാമ്രാജ്യത്തിലെ കുറിച്ചും കൃഷ്ണദേവരായര് പോലെയുള്ള പ്രഗൽഭരായ രാജാക്കന്മാരെ കുറിച്ചും ഒട്ടനവധി അറിവ് നൽകുന്ന ധാരാളം ചരിത്രാവശിഷ്ടങ്ങൾ അവിടെ സൂക്ഷിച്ചിട്ടുണ്ട് കഴിഞ്ഞ വർഷം അവിടെ സന്ദർശിച്ച അധ്യാപകർ ഞങ്ങളോട് പറഞ്ഞു. ഹംപിയുടെ ചരിത്രാവശിഷ്ടങ്ങൾ ഓട് അന്ന് വൈകിട്ട് വിട പറഞ്ഞ് ഞങ്ങൾ തിരിച്ച് ഹോട്ടലിൽ എത്തി. ഫ്രഷ് ആയതിനുശേഷം ചായയും കുടിച്ചു ചിക്കമംഗളൂര് വിനെ ലക്ഷ്യമാക്കി നീങ്ങി.രാത്രി ഏതോ പെട്രോൾപമ്പിൽ എത്തി അവിടെ നിന്നും ആഷിക് തയ്യാറാക്കിയ ചിക്കൻ കറിയും ചോറും കഴിച്ച് വീണ്ടും യാത്ര തുടർന്നു. ചിക്കു മംഗളൂരുവിൽ എത്തുമ്പോഴേക്കും പുലർച്ചെ 5 മണി കഴിഞ്ഞിരുന്നു. ഉറങ്ങാൻ പോലും സമയം കിട്ടിയില്ലെങ്കിലും അവിടുത്തെ എന്തൊക്കെ കാഴ്ചകളാണ് കാണാൻ ഉള്ളതെന്ന് ആകാംഷ. ഉറക്കക്ഷീണമൊക്കെമാറ്റിനിർത്തി ചായയും കഴിച്ച് എട്ടു ജീപ്പുകളിൽ ആയി ഞങ്ങൾ ട്രക്കിങ്ങിനായി യാത്രതിരിച്ചു. കർണാടകയിലെ ഏറ്റവും ഉയരമുള്ള മലനിര യായ ആയ മുള്ളങ്കിയുടെ പ്രകൃതി മനോഹാരിത ഒട്ടൊന്നുമല്ല ഞങ്ങൾ ആകർഷിച്ചത്. ജീപ്പ് നിർത്തിയതും കോട പുതച്ച മലനിര ഞങ്ങളെ സ്വീകരിക്കാനായി കാത്തിരിക്കുകയാണെന്ന് എനിക്ക് തോന്നി. ഞങ്ങളെ മാത്രമല്ല അനേകം വിനോദസഞ്ചാരികളെയും. രാവിലത്തെ അതെ അതെ ഈ കോട്ട ഞങ്ങളെ തഴുകിക്കൊണ്ട് കൂടുതൽ ഉയരങ്ങളിലേക്ക് ഒഴുകി നീങ്ങി. പച്ചവിരിച്ച മുന്നിൽ നിരക്കിലേക്ക് ഞങ്ങൾ മെല്ലെ നീങ്ങി. 1930 മീറ്റർ ഉയരത്തിൽ ആയിരുന്നു ഞങ്ങൾ അപ്പോൾ. അവിടെ പശുക്കൾ മേഞ്ഞുനടക്കുന്ന ഉണ്ടായിരുന്നു. കുന്നിൻറെ എൻറെ നെറുകയിൽ നിന്നു കൊണ്ട് കണ്ട കാഴ്ച ഒരിക്കലും മറക്കാനാവില്ല.കർണാടകത്തിലെ മാത്രമല്ല ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം ആണെന്ന് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു. തിരിച്ച് അതേ ജീപ്പിൽ തന്നെ വരുന്നതിനിടയിൽ ഒരു വെള്ളച്ചാട്ടവും കാണാൻ കഴിഞ്ഞു. പേര് ഇപ്പോൾ ഓർക്കുന്നില്ല.ഞങ്ങൾ പുറപ്പെട്ട സ്ഥലത്ത് എത്തുമ്പോഴേക്കും ആഷിക്കാക്കയുടെ ചൂടുള്ള ചിക്കൻ ബിരിയാണി റെഡി. അതും ആസ്വദിച്ചു കഴിച്ചു നേരെ യാത്രതിരിച്ചത് പമ്പബുധൻഗിരി മലനിരകളിലെക്കാണ്.ഇവിടെ സന്യാസിമാർ വസിച്ചിരുന്നു എന്നും ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും തീർത്ഥാടന കേന്ദ്രം ആണെന്നും ഒപ്പം വന്ന അധ്യാപകൻ പറഞ്ഞു തന്നു. ചന്ദ്രന് ആന പാർവത ശ്രേണി എന്നാണ് ആണ് മുളയരി ബാബു ബുദ്ധൻ ഗിരി മലനിരകളിൽ അറിയപ്പെടുന്നത്. ഏത് അറിവും നമ്മുടെ വിരൽത്തുമ്പിൽ എത്തുന്ന ഇക്കാലത്ത് അതൊന്നും

വിശദീകരിക്കേണ്ടതില്ല. എങ്കിലും ആകാശമുട്ടെ ഉയർത്തി നിൽക്കുന്ന മലനിരകൾ ജീവിതത്തിൽ ഒരിക്കലും നേരിൽ കാണാം പറഞ്ഞറിയിക്കാൻ പറ്റാത്ത  ദൃശ്യങ്ങൾഒന്ന് ബാബ ബുധൻ ഗിരി ഞങ്ങൾക്ക് പകർന്നു നൽകിയത്.ഒരു ജാതിയിൽ മഴയുടെ ലക്ഷണം കണ്ടതോടെ ഞങ്ങൾ പതുക്കെ കുന്നിറങ്ങി തിരിച്ചു താമസസ്ഥലത്തേക്ക് വരുമ്പോൾ കണ്ട ഉദ്യാന റാണിയുടെ കൂറ്റൻ പ്രതിമ ഒരിക്കലും മറക്കാനാവില്ല.

പർച്ചേസിംഗും ഭക്ഷണവും കഴിഞ്ഞ ബസ്സിലേക്ക് കയറുമ്പോൾ യാത്രാ അവസാനിക്കുകയാണെന്ന് എന്ന് ഓർത്തപ്പോൾ അല്പം ദുഃഖം തോന്നി. എങ്കിലും സഹപാഠികൾ കൊപ്പം നാലുദിവസം ആഘോഷിച്ചത് ഓർമ്മകൾ എന്നും മനസ്സിൽ ഉണ്ടാകും. പഠനയാത്ര വിലയിരുത്തി കൊണ്ടുള്ള അഭിപ്രായ  പ്രകടനങ്ങൾ എച്ച്എം ന്റെ നേതൃത്വത്തിൽ ബസ്സിൽ നടക്കുന്നുണ്ടായിരുന്നു.ഞാൻ അതെല്ലാം ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു. എൻറെ ഊഴം വന്നപ്പോൾ നല്ല അഭിപ്രായങ്ങൾ പറയുകയും ചെയ്തു.ബസ്സിലെ അവസാനദിവസം എന്നും എന്റെ മനസ്സിൽ ഉണ്ടാകും കാരണം HM  ഉം ദീപ ടീച്ചറും ഞങ്ങൾക്ക് ഗാനങ്ങൾ പാടി തന്നു.ഒരു പോറൽ പോലും ഏൽക്കാതെ ഞങ്ങളെ യാത്ര പുറപ്പെട്ട സ്ഥലത്ത് എത്തിച്ചപ്പോൾ അധ്യാപകരുടെ മുഖത്തെ പ്രകടമായ സംതൃപ്തി ഒന്ന് കാണേണ്ടതാണ്.ഇനി എന്നാണാവോ ഇത്തരത്തിലുള്ള ഒരു യാത്രയിൽ പങ്കെടുക്കുവാൻ കഴിയുക എന്ന ചിന്തയോടെ ബാഗും തൂക്കി അച്ഛനോടൊപ്പം വീട് ലക്ഷ്യമാക്കി നടന്നു നീങ്ങി.

# കേരളം

MUHAMMED SINAN



കേരളം പ്രകൃതി രമണീയമായതാണ്.കലാകാരന്മാരെ കൊണ്ടും കവികളെ കൊണ്ടും മതസൗഹാർദം കൊണ്ടും എന്തുകൊണ്ടും സുന്ദരമാണ്.ഈ നാടിന്റെ ഭംഗി കൊണ്ട് ഒഴുകിയെത്തിയ വിദേശികൾ അതിരറ്റത്തായിരുന്നു.ആദ്യമായി വാസ്കോഡഗാമകാപ്പാട് വന്നിരുന്നു.അങ്ങനെ നിരവധി ആളുകൾ കേരളത്തിലെത്തി.അവരുടെ നാടാക്കാൻ ശ്രമിച്ചത് ഈ നാടിന്റെ ഭംഗി കൊണ്ടും പ്രകൃതി രമണീയത കൊണ്ടുമാണ്.വിദേശത്തുനിന്നു വന്നവർ പറഞ്ഞത് 'ദൈവത്തിന്റെ സ്വന്തം നാടാണ് 'കേരളം എന്നാണ് .മലയാളം എന്ന നാലക്ഷരമല്ല എന്റെ മലയാളം അമ്മ എന്ന രണ്ടക്ഷരമാണ് എന്റെ മലാലയാളമെന്നു എഴുതിയ കുഞ്ഞുണ്ണി മാഷിന്റെ നാട്.മതസൗഹാർദം കൊണ്ടും സ്നേഹം കൊണ്ടും ലോകത്തിനു മാതൃകയായ നാട്.കുഞ്ചൻ നമ്പ്യാരുടെ കവിത കൊണ്ടുംപ്രഭാതം പൊട്ടിവിടരുമ്പോൾ കിളികളുടെ കാളകളാരവും കാറ്റും കൊണ്ട് തലോടുന്ന ഇന്ത്യയിൽ സാക്ഷരതയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന നാട്.വികസനത്തിൽ അമേരിക്ക വരെ പിൻപറ്റുന്ന നാട്.ശിശുമരണത്തിൽ അമേരിക്കയും ഇന്ത്യയും ഒരേ നിലയിലാണ്.ഈ കേരളത്തെ പറ്റി പാടിയത് മലയാളികളോ ഇന്ത്യക്കാരോ അല്ല യൂറോപ്യനും അറബികളും തുടങ്ങി എല്ലാവരും പാടിയും പറഞ്ഞും പുകഴ്ത്തിയ നാടാണ് കേരളം. എന്നിട്ടും എന്തുകൊണ്ടാണ് പ്രളയവും പ്രകൃതിദുരന്തങ്ങളും നമ്മെ വേട്ടയാടികൊണ്ടിരിക്കുന്നത് ? ഓർക്കണം തെറ്റുകൾ കൊണ്ട് തെളിവുകൾ നിരന്നിരിക്കുന്നു .

ബ്യൂറേ ഓഫ് സ്റ്റാൻഡേർഡ് ഇന്ത്യ നടത്തിയ പഠനത്തിൽ ഭൂകമ്പസാധ്യതയിൽ സോൺ ഒന്നിലാണ് കേരളം .എന്നാൽ ഇപ്പോൾ റിട്ടർ സ്കെയിൽ അഞ്ച് വരെയുള്ള ഭീമൻ ഭൂകമ്പ സാധ്യതയിൽ സോൺ മൂന്നിലാണ് കേരളം . ജാതിയും മതങ്ങളും രാജ്യവും നിറങ്ങളും എല്ലാം വേറിട്ട് നിൽക്കുന്ന അവസ്ഥയിലും മനുഷ്യമനസുകൾ അതിരുകൾക്കപ്പുറമായിരിക്കണം എന്നത് ഈ ദുരന്തങ്ങൾ നമ്മെ വീണ്ടും വീണ്ടും ഓർമിപ്പിക്കുന്നു . ഇനി നാം ഇതിനു ഇടവരുത്തരുത് അതിനായി നമുക്ക് പ്രവർത്തിക്കാം.

# എന്റെ നെഞ്ചിന്റെയുള്ളിൽ



Ahana.c.k

എന്റെ നെഞ്ചിന്റെയുള്ളിൽ കനൽ
വന്നു ചേരവേ ഹൃദയത്തുടിപ്പിനു
താളങ്ങൾ തെറ്റവേ നിങ്ങളെൻ
നേർക്കെറിയുന്ന കനലിൻ ചൂടുകൾ
മുറിവിൻ പാടുകൾ നൽകുന്ന താപങ്ങൾ
ഇന്നെൻ ഹൃദയത്തിലേറ്റിടുമ്പോൾ
തളരില്ല ഞാൻ ഇന്നു തളരില്ല ഞാൻ
എന്നെ തളർത്താൻ ശ്രമിക്കുന്നതെന്തിനു
മതിയായെനിക്കിന്നു നിന്നുടെ ലീലകൾ
നിന്നുടെ കനൽ കൊണ്ടു മുറിവേറ്റ
പാടുകൾ മറയുകില്ലെങ്കിലും തളരില്ല
ഞാൻ ഒട്ടുമേ തളരില്ല ഞാൻ.



# തിരിച്ചറിവ്

JASEER

ഒരിക്കൽ ഒരു മനുഷ്യൻ ശവപ്പറമ്പിലൂടെ നടക്കുകയായിരുന്നു

സമയം അർധരാത്രിയായിരുന്നത് കൊണ്ടാവാം, അയാൾ

വളരെ,വേഗതയിൽ നടക്കുന്നു. പെട്ടന്ന് അയാളുടെ മുന്നിൽ ഒരു

യക്ഷി

വന്നു ആ മനുഷ്യൻ പേടിച്ചു പോയി

യക്ഷി പറഞ്ഞു "പേടിക്കേണ്ട മനുഷ്യരുടെ രക്തം കുടിക്കൽ

ഞാൻ നിർത്തി .വിഷമാണ് അകത്തും പുറത്തും

# കാർമുകിൽ

**MEGHA NAYANA**

കാർമുകിൽ നീ എങ്ങ് മാഞ്ഞു
ഈ രാവിനെ കുളിരണിയാക്കാൻ
വരുമോ നീ എൻ അരികിൽ
നിന്നെയാണെനിക്കിഷ്ടം നിന്നെയാണ-
ഞാൻ തേടുന്നതും....
നീ തരും മഴമുത്തിനെ ഏറ്റു-
വാങ്ങാൻ കാത്തിരിക്കുന്ന ഞാൻ
ഈ മണ്ണിൽ ഇപ്പോഴും എപ്പോഴും

# ഒറ്റപ്പെടുന്നവർ

### ദീപ വി വി

ആർത്തിരമ്പും
ആൾക്കൂട്ടത്തിലും
തനിച്ചാവുന്നത്രേ ചിലർ
തന്റെയുള്ളിലെ
ഏകാന്തതയിൽ
തന്നെത്തന്നെ
തിരഞ്ഞേയിരിപ്പൂ ചിലർ
ഏകാന്തത മറക്കാൻ
ചിരിയെ
മറയാക്കി ചിലർ
ജനിച്ചതും
മരിക്കുന്നതും
തനിച്ചെന്ന്
കവി വാക്യമെന്നാലും
ഈ വഴിയാത്രയിലും
മനസ്സറിയാനൊരു
കൂട്ടില്ലാതെ....
തനിച്ച്
തീർത്തും
തനിച്ച്..
ആൾക്കൂട്ടത്തിൽ
ഒഴുകി ഒഴുകി ..
എവിടേക്കോ
പേരറിയാത്ത
ഏതൊക്കെയോ..
ഏതൊക്കെയോ..
ചിലർ...

# മഴയോർമ്മ

**ദേവാഞ്ജന**

പുതുമഴ മുറ്റത്തെ മണ്ണിലേക്കിറങ്ങി
മണ്ണിന്റെ ഗന്ധമോ എന്നെതൊട്ടുണർത്തി
പണ്ടെന്നോ പെയ്ത പുതുമഴയിൽ
കളിവഞ്ചിയിറക്കി കളിച്ചനേരം
വെള്ളത്തിൽ പൊങ്ങിയ കുഞ്ഞനുറുമ്പിനെ
മെല്ലെ ഞാൻ തോണിയിൽ വെച്ചിടുന്നു
കുഞ്ഞനുറുമ്പുമായി് വഞ്ചികൾ നീങ്ങുമ്പോൾ
ഞാനോ കൈ കൊട്ടി ചിരിച്ചിടുന്നു
മുറ്റത്തെ കാഴ്ചകൾ കണ്ടൊരാ അമ്മയോ
ചെടിയുടെ കൊമ്പ് മുറിച്ചിടുന്നു
ചുണ്ട് വിതുമ്പിയെൻ കണ്ണു നിറഞ്ഞു
ആഹ്ളാദമോ പോയ് മറഞ്ഞു
തെല്ലിട നോക്കി നിന്നൊരമ്മ
വാരി പുണർന്നെന്നെ ഉമ്മ വെച്ചു
ഈറൻമുടിയിൽ തലോടിയമ്മ
മഴ കണ്ട കുട്ടി തൻ കഥ പറഞ്ഞു
എത്രയോ മഴക്കാലം കടന്നു പോയി
ഓരോ മഴയും ഒരോർമ്മ തന്നെ.

# നിലനിൽപ്

*വിശ്വനാഥൻ വി*

ജാതി
മതം ദൈവം
എല്ലാം
ആരുടെയോ
ആർക്കൊക്കെയോ
നീണാൾ വാഴുവാൻ
പടച്ചു വിട്ടു പാരിൽ
ഇനി ഒരു തിരിച്ചു പോക്ക്
അസാധ്യം
ക്ളാവ് പിടിച്ച മനസ്സിൽ
ശക്തി കൂട്ടുന്ന
വിഷവിത്തുകൾ
പാകി
കാത്തിരിക്കുന്ന
യുവ
മനസ്സുകൾ ചായുന്ന
ലഹരിയേക്കാൾ
മത്തുള്ള
വിഷം മോന്താൻ
കാത്തിരിക്കാം
മോചനത്തിനായ്
ഒരു
യുഗ പുരുഷനെ

# ഒറ്റപ്പൂവ്

വേദസ്മൃതി.എം

ഒരുവർണമായി ഇളംതണ്ടിൽ
സൂര്യശോഭയം ഒരുപൂവേ
നിൻവർണശോഭമയക്കമാരേയും
സൂര്യശോഭയാം നീയെങ്ങനെ തനിച്ചായി
സുന്ദരിയാം നീയുള്ളപ്പോൾ മറ്റുപുഷ്പം വേണ്ടേയെന്ന
കരുതിയോ സൃഷ്ടികർത്താവ്
മഞ്ഞപ്പട്ടുടുത്ത സുന്ദരിപ്പൂവേ
നീകൂട്ടില്ലാതെ കഴിഞ്ഞുനാള്ക്കനാൾ
ഒറ്റപ്പെട്ടുപോയ ജീവിതത്തിന്റെ സാക്ഷി നീ
ഇളംകാറ്റിലാടുന്ന നീ ഇളമർമ്മരത്തോടെയാടുന്ന
നീ കരയുംപോൾ പിടയുന്ന എൻ ഹൃദയം
വാടുന്ന നമ്മൾ തൻ മുഖം
ഏകയായി നീ വെട്ടംനല്കുന്നമീ ഘോരവനത്തിനം
ആദിത്യഇന്ദുപോലെ
നിനച്ചില്ലകളിൽ പൂമൊട്ട് വിരിയാൻ തുടിക്കുന്ന
എൻ ഹൃദയമനോഹരമായ പൂവേ

ഒറ്റപ്പെട്ട ഈ വനത്തിൻചങ്ങാതിമാരാര്
മൂളിപ്പറന്നെത്തുന്ന വണ്ടോ
മൂളാതെയെത്തുന്ന ശലഭമോ
നീ ചിരിക്കുമ്പോൾ എൻചിന്തയിൽ ആയിരം നവ
പുഷ്പങ്ങൾ വിടരുന്ന ആവശ്യമായസൗന്ദര്യത്തിന

# സഹകരിച്ച എല്ലാവർക്കും

# നന്ദി